**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1902** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോൽപ്പാദനം, പ്രാദേശിക തൊഴിൽ സാദ്ധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ജനകീയ മത്സ്യകൃഷിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോൽപ്പാദനം, പ്രാദേശിക തൊഴിൽ സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി സ്കീമുകൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഇത്തരത്തിൽ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 2020-21 സാമ്പത്തിക വർഷം 34,987 മെട്രിക് ടണ്ണായിരുന്ന മത്സ്യോൽപ്പാദനം 2021-22 സാമ്പത്തിക വർഷമായപ്പോൾ 37,521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി നൂതന കൃഷിരീതികൾ അവലംബിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെ ഉല്പാദന - വിതരണത്തിനും മത്സ്യ ഇനങ്ങളിലെ വൈവിധ്യവൽക്കരണത്തിനും ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബയോ ഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന സാങ്കേതിക വിദ്യകൾ അവലംബിച്ചുള്ള നൂതന മത്സ്യകൃഷി രീതികൾ നടപ്പിലാക്കിയതിലൂടെ. 2455 ബയോഫ്ളോക്ക് യൂണിറ്റുകളും 4204 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (ഇന്റൻസീവ് അക്വാകൾച്ചർ) യൂണിറ്റുകൾ, 467 റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 100 റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം യൂണിറ്റുകളും 400 ബയോഫ്ളോക്ക് യൂണിറ്റുകളും |

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലവിലെ ഹാച്ചറികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുളള നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം 601.96 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തി വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന മത്സ്യ വിത്ത് കേന്ദ്രം കൊല്ലം ആസ്ഥാനമായി സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിന് പുറമേ മത്സ്യ വിത്തിന്റെ ഗുണനിലവാരം, നിർണ്ണയിക്കുന്നതിനും മെച്ചപ്പെട്ട വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനും പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളും പ്രവർത്തിച്ച് വരുന്നു.

ഇത് കൂടാതെ നൂതന സാങ്കേതിക മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, പാലക്കാട് ജില്ലയിലെ മലമ്പുഴ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നിവിടങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഹാച്ചറി നിർമ്മാണ പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

തദ്ദേശീയ ഇനം മത്സ്യങ്ങളുടെ വിത്തുൽപ്പാദനത്തിനും മത്സ്യകൃഷിയുടെ വൈവിദ്ധ്യവൽക്കരണത്തിനുമായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ ഹാച്ചറികൾ സ്ഥാപിച്ചു. ഇതുവഴി സർക്കാർ ഹാച്ചറികളിലെ മത്സ്യവിത്തുല്പാദനം 2016-17 സാമ്പത്തിക വർഷം 195.10 ലക്ഷത്തിൽ നിന്നും 2021-22 സാമ്പത്തികവർഷം 601.96 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മത്സ്യവിത്തിന്റെ വിതരണം കാര്യക്ഷമമാക്കുന്നതിന് ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യകർഷകർക്കു ലഭ്യമാക്കുന്നതിനും വകുപ്പിനു കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുളള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ ഘട്ടത്തിലായിരിക്കുന്ന മത്സ്യ വിത്തു ഉൽപ്പാദനകേന്ദ്രങ്ങൾ പൂർത്തിയാക്കുന്ന തോടെയും നിലവിലുള്ള ഹാച്ചറികളുടെ

| | | | |
|---|---|---|---|
| | | | നവീകരണത്തിലൂടെ ഉൽപ്പാദന വർദ്ധനവ് സാധ്യമാകുന്നതോടെയും മത്സ്യ വിത്തുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എം.എസ്.വൈ. യിൽ ഉൾപ്പെടുത്തിയിട്ടുള്ള റീസർക്കുലേറ്ററി അക്വാകൾച്ചറൽ സിസ്റ്റം, ബയോബ്ലോക്ക് അക്വാകൾച്ചറൽ സിസ്റ്റം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 2020-21 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽ തുക വരുന്ന 319 റീസർക്കുലേറ്ററി അക്വാകൾച്ചറൽ സിസ്റ്റം യൂണിറ്റുകളും, 400 ബയോഫ്ളോക്ക് അക്വാകൾച്ചറൽ സിസ്റ്റം യൂണിറ്റുകളും സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയതനുസരിച്ച് പദ്ധതി നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. |
| (ഡി) | ഈ കാലയളവിൽ മത്സ്യോല്പാദനത്തിലും മത്സ്യക്കയറ്റുമതിയിലും ഉണ്ടായിട്ടുള്ള പുരോഗതി അറിയിക്കാമോ? | (ഡി) | 2021-22 സാമ്പത്തിക വർഷത്തിൽ മത്സ്യോൽപാദനം 37,521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 5020.34 കോടി രൂപ മൂല്യമുള്ള മത്സ്യ കയറ്റുമതിയിൽ നിന്ന് 2020-21 സാമ്പത്തിക വർഷമായപ്പോൾ 5039.89 കോടി രൂപ മൂല്യമുള്ള മത്സ്യം കയറ്റുമതി ചെയ്യാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2021-22

| ക്രമ നം: | മത്സ്യകൃഷി രീതി | കൈവരിച്ച നേട്ടം ഹെക്ടർ/ യൂണിറ്റ് |
|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 1324.24 ഹെക്ടർ |
| 2 | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 2784.03 ഹെക്ടർ |
| 3 | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 1382.53 ഹെക്ടർ |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 17501.09 ഹെക്ടർ |
| 5 | അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി | 305.65 ഹെക്ടർ |
| 6 | ഓരുജലത്തിലെ വിശാല മത്സ്യകൃഷി | 229 ഹെക്ടർ |
| 7 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 155.91 ഹെക്ടർ |
| 8 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 353.9 ഹെക്ടർ |
| 9 | ഞണ്ട് കൃഷി / കൊഴുപ്പിക്കൽ | 28.5 ഹെക്ടർ |
| 10 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 4204 യൂണിറ്റ് |
| 11 | ബയോഫ്ളോക്ക് കൃഷി (20 $m^3$) | 2090 യൂണിറ്റ് |
| 12 | ബയോഫ്ളോക്ക് കൃഷി (50 $m^3$) | 62 യൂണിറ്റ് |
| 13 | ബയോഫ്ളോക്ക് കൃഷി (160 $m^3$) | 303 യൂണിറ്റ് |
| 14 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 $m^3$) | 224 യൂണിറ്റ് |
| 15 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 $m^3$) | 243 യൂണിറ്റ് |
| 16 | ശുദ്ധജലത്തിലെ കൂടു കൃഷി | 576 യൂണിറ്റ് |
| 17 | ഓരുജലത്തിലെ കൂടു കൃഷി | 1584 യൂണിറ്റ് |
| 18 | കല്ലുമ്മേക്കായ കൃഷി | 573 യൂണിറ്റ് |
| 19 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം | 168 യൂണിറ്റ് |
| 20 | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം | 32 യൂണിറ്റ് |